# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3412 23/06/2014-ൽ മറുപടിയ്ക്ക്**

## <u>കൂടുകൃഷിക്കുള്ള അനുമതി</u>

| ചോദ്യം<br>ശ്രീ. സി. കൃഷ്ണൻ: | | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|---|
| (എ) തുറന്ന ജലാശയങ്ങളിൽ കൂടുകൃഷി (ഓപ്പൺ വാട്ടർ കേജ് കൾച്ചർ) നടത്തുന്നതിന് അനുമതി നൽകാനുള്ള അധികാരം ഏതു വകുപ്പിൽ നിന്നാണ് ലഭ്യമാക്കേണ്ടതെന്ന് വിശദമാക്കാമോ; | (എ) | സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന പൊതു ജലാശയങ്ങളിൽ കൂടുകളിലെ മത്സ്യകൃഷി നടത്തുന്നതിനുള്ള അനുവാദം നിലവിൽ നൽകുന്നത് ഫിഷറീസ് വകുപ്പിലെ/ മത്സ്യകർഷക വികസന ഏജൻസിയിലെ അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥനാണ്. ജലാശയത്തിന്റെ ഉടമസ്ഥത ഏത് വകുപ്പിലാണോ നിക്ഷിപ്തമായിരിക്കുന്നത് ആ വകുപ്പിന്റെ അനുമതിയോടുകൂടി പാട്ട വ്യവസ്ഥയിലാണ് അനുവദിച്ചു നൽകുന്നത്. |
| (ബി) കൂടുകൃഷി (കേജ് കൾച്ചർ) നടത്തുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നും അനുവാദം വാങ്ങേണ്ടതുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ? | (ബി) | 2010 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങൾ പ്രകാരം ഫിഷറീസ് വകുപ്പിൽ നിന്നും അധികാരപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥൻ അനുവദിക്കുന്ന ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും ലൈസൻസിന്റെയും അടിസ്ഥാനത്തിൽ മാത്രമേ തുറന്ന ജലാശയത്തിൽ കൂടു കൃഷി ചെയ്യാൻ അനുവദിക്കുകയുള്ളൂ. അപേക്ഷ നൽകേണ്ടവിധവും നടപടിക്രമവും 2013 ലെ കേരള ഉൾനാടൻ ഫിഷറീസും അക്വാകൾച്ചറും ചട്ടങ്ങളിൽ വിവരിക്കുന്നുണ്ട്. ബന്ധപ്പെട്ട ജില്ലയിലെ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ/അസിസ്റ്റന്റ് ഡയറക്ടർ (ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മത്സ്യകർഷക ഏജൻസി) ക്കാണ് അപേക്ഷ നൽകേണ്ടത്. അപേക്ഷയുടെ ഫാറവും അപേക്ഷ നൽകേണ്ട നടപടിക്രമവും പ്രസ്തുത ഓഫീസുകളിൽ നിന്നും സ്വരൂപിക്കാവുന്നതാണ് |

**സെക്ഷൻ ആഫീസർ**